**Malayala Manorama**
**24 August 2018**
**Kochi; After Flood, Flood Relief**



# പ്രളയദുരിതം: വരാപ്പുഴ അതിരൂപത പുനരധിവാസ പദ്ധതി തുടങ്ങി

കൊച്ചി • പ്രളയ ദുരിതത്തിലായവർക്കു വരാപ്പുഴ അതിരൂപതയുടെ പുനരധിവാസ പദ്ധതികൾ ആരംഭിച്ചു. അതിരൂപതയുടെ 76 ഇടവകകളെ ദുരന്തം ബാധിച്ചു. വിവിധ സ്ഥാപനങ്ങളും ഇടവകകളുമായി 110 ദുരിതാശ്വാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചു. 212 ക്യാംപുകൾക്ക് അതിരൂപത സഹായമെത്തിച്ചു.

യുവജനങ്ങളും വിദ്യാർഥികളും അൽമായരും വൈദികരും സന്യാസിനികളും വൊളന്റിയർമാരായി പ്രവർത്തിച്ചു. ഭക്ഷണത്തിനു 11.42 കോടി രൂപയും മരുന്ന്, വസ്ത്രം, വാഹനം, ഇതരവസ്തുക്കൾ എന്നിവയ്ക്കു 12.38 കോടിയും ചെലവിട്ടു.

പുനരധിവാസത്തിനും ഭവന പുനർനിർമാണത്തിനും മുൻഗണന

വൈദികരുടെയും ഒരു മാസത്തെ അലവൻസ് ദുരിതാശ്വാസത്തിനു നൽകും. ഇടവക തിരുനാളുകൾ, മറ്റു തിരുനാളുകൾ, നിർമാണ പ്രവർത്തനം, ജൂബിലി എന്നിവ ലളിതമായി നടത്തും. മനഃസമ്മതം, വിവാഹം, മാമോദീസ, ആദ്യകുർബാന സ്വീകരണം എന്നിവ ലളിതമായി നടത്തും. വല്ലാർപാടം തീർഥാടനം വല്ലാർപാടം ബസിലിക്കയിൽ ദിവ്യബലി മാത്രമായി ചുരുക്കും. ഇങ്ങനെ സ്വരൂപിക്കുന്ന പണം പുനരധിവാസ പ്രവർത്തനങ്ങൾക്കു നീക്കിവയ്ക്കും.

നാശനഷ്ടങ്ങളുടെ കൃത്യമായ വിവരങ്ങൾ പ്രാദേശിക തലത്തിൽ ശേഖരിക്കും. ഇടവക അജപാലന സമിതികൾ കുടുംബ യൂണിറ്റുകളുടെയും സംഘടനകളുടെയും സഹകരണത്തോടെ അതത് ഇടവകകളിൽ പ്രത്യേക

പദ്ധതിക്കു രൂപം നൽകും. പ്രളയ ബാധിത പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഇടവകകളെ മറ്റ് ഇടവകകൾ ഏറ്റെടുക്കും. ഏറ്റവും കൂടുതൽ ദുരന്തമേറ്റുവാങ്ങിയ പ്രദേശങ്ങൾ പുനർനിർമിക്കും. ഈ പ്രവർത്തനങ്ങളെല്ലാം സോഷ്യൽ സർവീസ് സൊസൈറ്റി ഏകോപിപ്പിക്കും.

എറണാകുളം ലൂർദ്, മരട് പിഎസ് മിഷൻ, മഞ്ഞുമ്മൽ സെന്റ് ജോസഫ്, പെരുമ്പിള്ളി ക്രിസ്തു ജയന്തി ആശുപത്രികളുടെ നേതൃത്വത്തിൽ തുടർ ആരോഗ്യ പരിപാലനം നടത്തും.

മാനസികാരോഗ്യ പരിപാലനവും കൗൺസലിങ്ങും കന്യാസ്ത്രീകളുടെയും വിദഗ്ധരുടെയും നേതൃത്വത്തിൽ നടത്തുമെന്ന് ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ അറിയിച്ചു.